IDK 1005

ഇടുക്കി റവന്യൂജില്ല

രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം 2011 – 12

സോഷ്യൽസയൻസ്

STD X

Total Score 80

Time 2.30 hrs

പൊതു നിർദ്ദേശങ്ങൾ

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം
- പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈസമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാൻ പ്രയോജനപ്പെടുത്തണം.
- ഓരോ ചോദ്യത്തിനും സ്കോർ അതോടൊപ്പം ചേർത്തിരിക്കുന്നു.

1

ഇന്ത്യയിൽ ഉയർന്നു വന്ന കോളനിവിരുദ്ധ ദേശീയ പ്രസ്ഥാനത്തെ പ്രതിരോധപരമായ ദേശീയത എന്നു വിളിക്കാൻ കാരണമെന്ത്?

**2 സ്കോർ**

2

ഇന്ത്യയിൽ റോഡ് ശൃംഖല കൂടുതലുള്ളത് ഏത് ഭൂപ്രകൃതി വിഭാഗങ്ങളിലാണ്? എന്തുകൊണ്ട്?

**സ്കോർ : 2**

3




ഇന്ത്യൻ ജനാധിപത്യത്തിനെതിരെയുള്ള ശക്തമായ ഒരു വെല്ലുവിളിയാണ് തീവ്രവാദം. മറ്റു വെല്ലുവിളികൾ എതൊക്കെ? മൂന്ന് വെല്ലുവിളികളും അവയ്ക്കുള്ള പ്രതിവിധികളും എഴുതുക? 3 സ്കോർ

4

ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ അതിനെ ഇന്ത്യയുടെ പരമോന്നത ബാങ്ക് എന്ന പദവിയ്ക്ക് അർഹമാക്കി. റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ വിശദീകരിക്കുക.

സ്കോർ : 2

5

A കോളത്തിൽ നൽകിയിട്ടുള്ള നേതാക്കൾ നേതൃത്വം നൽകിയ പ്രസ്ഥാനങ്ങളും രാജ്യങ്ങളുമാണ് B, C കോളങ്ങളിൽ നൽകിയിട്ടുള്ളത്. ഇവ അനുയോജ്യമായ രീതിയിൽ ക്രമപ്പെടുത്തുക?

| A | B | C |
|---|---|---|
| ഫ്രാങ്കോ | നാസിസം | ഇറ്റലി |
| മുസലീനി | സോഷ്യലിസം | റഷ്യ |
| ഹിറ്റ്ലർ | ഫാഷിസം | സ്പെയിൻ |
| ലെനിൻ | ഫലാഞ്ജിസം | ജർമ്മനി |

4 സ്കോർ

6

റഷ്യൻ വിപ്ലവത്തിനുശേഷം അവിടെ നടപ്പിലാക്കിയ യുദ്ധകാല കമ്മ്യൂണിസത്തിൽ നിന്നും 'പുത്തൻ സാമ്പത്തികനയം' എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

4 സ്കോർ

7

ചേരികൾ ഇല്ലാതായെങ്കിലും ചേരിചേരാ പ്രസ്ഥാനത്തിന് ഇന്നും പ്രസക്തിയുണ്ട്

1) ചേരിചേരാ പ്രസ്ഥാനത്തിന്റെ ഉത്ഭവത്തിനിടയാക്കിയ സാഹചര്യങ്ങളെന്തെല്ലാം?

2) അതിന് നേതൃത്വം നൽകിയവർ ആരെല്ലാം?

3) ചേരിചേരായ്മ എന്താണു ആവശ്യപ്പെടുന്നത്?

5 സ്കോർ

8

രണ്ടാം ലോകയുദ്ധവുമായി ബന്ധപ്പെടുത്തി തന്നിരിക്കുന്ന സംഭവങ്ങളെ നടന്ന ക്രമമനുസരിച്ച് ചിട്ടപ്പെടുത്തുക.

**സംഭവങ്ങൾ**

- നാസി സോവ്യറ്റ് അനാക്രമണ സന്ധി
- ജപ്പാന്റെ പേൾഹാർബർ ആക്രമണം
- മ്യൂണിച്ച് ഉടമ്പടി
- മുസലീനിയുടെ അബിസീനിയാ ആക്രമണം

4 സ്കോർ

9

ദേശീയോദ്ഗ്രഥനം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? ദേശീയോദ്ഗ്രഥനത്തിന് തടസ്സമായി നിൽക്കുന്ന മൂന്ന് ഘടകങ്ങൾ എഴുതുക? അവ എങ്ങനെ തടസ്സമാകുന്നു എന്ന് സമർഥിക്കുക?

5 സ്കോർ

10

'ഉദാരതാവാദം ബ്രിട്ടണിലെ മധ്യവർഗ്ഗത്തിന്റെ സങ്കൽപങ്ങളുടെ പ്രകടനമായിരുന്നു' - സമർത്ഥിക്കുക?

**2 സ്കോർ**

11

യുക്തിയുടേയും ശാസ്ത്രത്തിന്റെയും പ്രമാണികതയെ കാൽപനിക പ്രസ്ഥാനം ചോദ്യം ചെയ്തു. കാൽപനിക പ്രസ്ഥാനത്തിന്റെ സവിശേഷതകൾ പരിശോധിച്ച് ഈ പ്രസ്താവന വിലയിരുത്തുക?

**2 സ്കോർ**

12

"ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി ഒരേ സമയം സന്തോഷവും സന്താപവും നൽകുന്നതായിരുന്നു." ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിഭജനാനന്തരം ഇന്ത്യ നേരിട്ട വെല്ലുവിളികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക?

3 സ്കോർ

13

കാർഷിക മേഖലയുടെ വളർച്ചക്ക് പഞ്ചവത്സരപദ്ധതികൾ വഹിച്ച പങ്കെന്തായിരുന്നു? അതിന്റെ ഫലത്തെ അടിസ്ഥാനമക്കി കുറിപ്പ് തയ്യാറാക്കുക.

3 സ്കോർ

14

ഇന്ത്യയുടെ അയൽ രാജ്യങ്ങളായ പാക്കിസ്ഥാനോടും ചൈനയോടും ഇന്ത്യ സ്വീകരിച്ച നിലപാടുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ വിദേശനയം വിലയിരുത്തുക.

3 സ്കോർ

15




a. ഭൂപടത്തിൽ 'A' എന്ന് അടയാളപ്പെടുത്തിയിട്ടുള്ള ഭൂപ്രകൃതി വിഭാഗം ഏത്?

b. ഈ ഭൂപ്രകൃതി വിഭാഗത്തിന്റെ രണ്ട് സവിശേഷതകശ എഴുതുക?

സ്കോർ : 2

16

ചുവടെയുള്ള നദികൾ ഏതൊക്കെയെന്ന് കണ്ടെത്തി ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക?

a. കൈലാസ പർവ്വതനിരകളിലെ 'ചെമയുങ്ദുങ്' ഹിമാനിയിൽ നിന്ന് ഉത്ഭവിക്കുന്ന നദി.

b. ഭഗീരഥി നദിയും അളകനന്ദയും ദേവപ്രയാഗിൽ വച്ച് സന്ധിച്ച് ഒന്നായി ഒഴുകുന്ന നദി.

സ്കോർ : 3

17

ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തങ്ങളായ കാലാവസ്ഥ നിലനിൽക്കുന്നതിനുള്ള ഏതെങ്കിലും നാല് ഘടകങ്ങൾ ഒരു ഉദാഹരണ സഹിതം എഴുതുക.

**സ്കോർ : 4**

---

18

കിഴക്കൻ തീരസമതലത്തിൽ നിന്ന് പടിഞ്ഞാറൻ തീരസമതലത്തിനുള്ള ഏതെങ്കിലും രണ്ട് വ്യത്യാസങ്ങൾ എഴുതുക.

**സ്കോർ : 2**

19

ഹിമാലയൻ നദികൾ എല്ലാ തരത്തിലും ഉപദ്വീപിയ നദികളിൽ നിന്നും ഏറെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് താരതമ്യപഠനത്തിൽ കാണാം. ഈ പ്രസ്താവന സമർത്ഥിക്കുക.

**സ്കോർ : 3**

20

ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ നൽകിയിട്ടുള്ളവയുടെ സ്ഥാനം അടയാളപ്പെടുത്തുക.

- കണ്ട്ല തുറമുഖം
- ആരവല്ലി പർവതം
- മഹാനദി
- ഭിലായ് ഇരുമ്പുരുക്ക് നിർമാണ ശാല

**സ്കോർ : 4**

21

'വ്യവസായ വികസനത്തിൽ വിവിധ ഗതാഗതമാർഗ്ഗങ്ങളുടെ പങ്ക്' എന്ന സെമിനാറിൽ അവതരിപ്പിക്കേണ്ട പ്രബന്ധത്തിൽ നിങ്ങൾ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്ന പ്രധാന ആശയങ്ങൾ ഏവ?

**സ്കോർ : 5**

22

താഴെ തന്നിരിക്കുന്നത് ഇന്ത്യയിലെ ചില പ്രധാന നഗരങ്ങളാണ്. അവ നൽകുന്ന സേവനം എഴുതുക?

1. ഡൽഹി
2. ജംഷഡ്പൂർ
3. അഹമ്മദാബാദ്
4. ഊട്ടി

**സ്കോർ : 4**

23

ഇന്ത്യയുടെ വടക്ക് ഭാഗത്തും വടക്ക് കിഴക്ക് ഭാഗത്തും ജനസംഖ്യ വളരെ കുറയാൻ കാരണമെന്താണ്?

സ്കോർ : 1

24

കുടിയേറ്റത്തിന്റെ രണ്ട് ഗുണഫലങ്ങളും ദോഷഫലങ്ങളും എഴുതുക

സ്കോർ : 2

25

ജനസംഖ്യാവിശകലനം ഏതൊരു രാജ്യത്തിന്റെയും പുരോഗതിക്ക് അത്യാവശ്യമാണ്. ജനസംഖ്യാ വിശകലനത്തിന്റെ ആവശ്യകത വ്യക്തമാക്കുക.

സ്കോർ : 3

26

വാണിജ്യബാങ്കുകളുടെ ദേശസാൽക്കരണത്തിന് ഗവൺമെന്റിനെ പ്രേരിപ്പിച്ച രണ്ടു സാഹചര്യങ്ങളെഴുതുക. ദേശസാൽകൃത ബാങ്കുകൾക്കു രണ്ട് ഉദാഹരണമെഴുതുക.

സ്കോർ : 3